**ഭരണഭാഷ – മാതൃഭാഷ**

നമ്പർ. HECE/99/2020-A5

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്
കമലേശ്വരം,മണക്കാട്.പി.ഒ.
തിരുവനന്തപുരം-695009
Website: www.hed.kerala.gpv.in
e-mail: ce.hed@kerala.gov.in
Telephone/FAX: 0471-2459365/2459159

തീയതി: 23/03/2020

സർക്കുലർ

വിഷയം - ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് - കൊറോണ നിയന്ത്രണം - സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നതിനായി നിർമ്മാണ പ്രവൃത്തികളിൽ നിയന്ത്രണം കൊണ്ടുവരുന്നത് സം.

............................

സംസ്ഥാനത്ത് 'കോവിഡ് 19' രോഗത്തിന്റെ വ്യാപനം തടയുന്നതിന്റെ ഭാഗമായി പൊതു സ്ഥലങ്ങളിലും പ്രവൃത്തി ഇടങ്ങളിലും മറ്റുസ്ഥലങ്ങളിലും ജനങ്ങൾ കൂട്ടം കൂടുന്നതിനു കർശനമായ നിയന്ത്രണങ്ങൾ സംസ്ഥാന സർക്കാർ കൊണ്ടുവന്നിട്ടുണ്ട്. രോഗവ്യാപനം തടയുന്നതിന്റെ ഭാഗമായ സർക്കാർ നിർദ്ദേശങ്ങൾ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്ന സ്ഥലങ്ങളിലും പാലിക്കേണ്ടതായുണ്ട്.

ഈ സാഹചര്യത്തിൽ, 'കോവിഡ് 19' രോഗവ്യാപനം തടയുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാർ നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിക്കത്തക്ക രീതിയിൽ, ഈ വകുപ്പിനു കീഴിൽ നടന്നുവരുന്ന എല്ലാ നിർമ്മാണ പ്രവർത്തനങ്ങളും ക്രമീകരിക്കുന്നതിനും, അപ്രകാരം ക്രമീകരണങ്ങൾ സാധ്യമല്ലാത്തയിടങ്ങളിലും നിരോധനാജ്ഞപോലെ കടുത്ത നിയന്ത്രണങ്ങളുള്ള പ്രദേശങ്ങളിലും പ്രവൃത്തികൾ താല്ക്കാലികമായി നിർത്തി വയ്ക്കുന്നതിനും നിർദ്ദേശിക്കുന്നു.

ഇതുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരും ജില്ലാ ഭരണകൂടങ്ങളും പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്കും നിർദ്ദേശങ്ങൾക്കുമനുസരിച്ച് സമയാസമയങ്ങളിൽ ഉചിതമായ ക്രമീകരണങ്ങൾ എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും നടപ്പാക്കേണ്ടതാണ്.

ചീഫ് എഞ്ചിനീയർ

എല്ലാ ഓഫീസ് മേധാവികൾക്കും.
വെബ്സൈറ്റിലേക്ക്.